സാമ്പത്തിക ഓഡിറ്റിംഗ്

137 (2375) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക ഓഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിനായി പുറപ്പെടുവിച്ച 32/2005/ധന സർക്കുലറിന്റെ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) സാമ്പത്തിക ഓഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ പുതിയ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) സർക്കുലർ 32/2005-ൽ താഴെപ്പറയുന്ന കാര്യങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു.

1. എല്ലാ വകുപ്പുതലവന്മാരും തങ്ങളുടെ വകുപ്പിൽ ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ആഫീസർ തലവനായും മറ്റ് ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങളായും ഒരു മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കേണ്ടതും ഇവർ തങ്ങളുടെ ഓഫീസിലെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സ്ഥിരമായി വിലയിരുത്തേണ്ടതും ആഡിറ്റ് റിപ്പോർട്ടുകളുടെ തുടർ നടപടികൾ വിലയിരുത്തേണ്ടതുമാണ്.

2. പ്രസ്തുത മോണിറ്ററിംഗ് കമ്മിറ്റി ഓരോ മൂന്ന് മാസത്തിലും അതത് വകുപ്പുകളിലെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തേണ്ടതും വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും ആഡിറ്റും, ആഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടികളും കൃത്യമായും കാര്യക്ഷമമായും നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും ആകുന്നു.

3. ഉപ ഓഫീസുകളിൽ ഓഡിറ്റ് ജോലികളും അതിന്റെ തുടർ നടപടികളും നടത്തുന്നതിലേക്കായി എല്ലാ ആഫീസുകളിലും ആഭ്യന്തര ക്രമീകരണത്തിലൂടെ പര്യാപ്തമായ ജീവനക്കാരെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിലേക്ക് നൽകേണ്ടതാണ്.

4. എല്ലാ വകുപ്പുതലവന്മാരും ദീർഘകാലമായി തീർപ്പാക്കാതെ അവശേഷിക്കുന്ന ആഡിറ്റ് തടസ്സവാദങ്ങൾ തീർപ്പാക്കുവാൻ അടിയന്തരവും സമയബന്ധിതവുമായ നടപടി എടുക്കേണ്ടതാണ്. ആവശ്യമെന്നു തോന്നുന്നപക്ഷം ആഡിറ്റ് കാലയളവിൽ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ സഹായവും തേടേണ്ടതാണെന്നും ഇക്കാര്യത്തിൽ വീഴ്ചവരുത്തിയാൽ അത് ഗുരുതരമാണെന്ന് വിലയിരുത്തുകയും അത് ആ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുകയും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

5. എല്ലാ ഓഫീസുകളിലും കേരള ഫിനാൻഷ്യൽ കോഡ് 1-ാം വാല്യത്തിൽ ആർട്ടിക്കൾ 63-ൽ നിഷ്കർഷിക്കുംപ്രകാരം ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

(ബി) എല്ലാ വകുപ്പുതലവന്മാരിൽ നിന്നും ഇതിനെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ആയത് ലഭ്യമായതിനുശേഷം അതുകൂടി ഏകോപിപ്പിച്ച് മറുപടി നൽകാവുന്നതാണ്.

(സി) പോലീസ്, മൃഗസംരക്ഷണ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, പഞ്ചായത്ത്, പബ്ലിക് ലൈബ്രറി, പുരാവസ്തു വകുപ്പ്, സാമൂഹിക നീതി വകുപ്പ്, ജലവിഭവ വകുപ്പ്, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ്, എക്സൈസ് ഇവ ഒഴികെയുള്ള എല്ലാ വകുപ്പുകളിലും 10-6-2005-ലെ 32/2005/ധന സർക്കുലർ പ്രകാരം ഇന്റേണൽ ആഡിറ്റ് വിഭാഗം രൂപീകരിക്കുകയും ആഡിറ്റ് റിപ്പോർട്ടുകൾ ധനകാര്യ (ഐ.എ.സി.) വകുപ്പിലേക്ക് അയച്ചുതരികയും ചെയ്യുന്നുണ്ട്. ഇന്റേണൽ ആഡിറ്റ് വിഭാഗം രൂപീകരിച്ചിട്ടില്ലാത്ത വകുപ്പുകളുടെ തലവന്മാർക്ക് അർദ്ധ ഔദ്യോഗിക കത്ത് വഴി ഇന്റേണൽ ഓഡിറ്റ് വിഭാഗം രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇന്റേണൽ ആഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ധനകാര്യ വിഭാഗത്തിൽ പുനർവിന്യാസം വഴി ഒരു സെക്ഷൻ കൂടി (ഇന്റേണൽ ആഡിറ്റ് സെൽ) രൂപീകരിച്ചിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധി

138 (2376) ശ്രീ. എം. എ. ബേബി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളുടെ മേൽ നികുതിഭാരമേൽപ്പിക്കാത്തവിധം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചമാക്കുന്നതിന് വേണ്ട മാർഗ്ഗങ്ങൾ സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നിലവിലുള്ള നികുതികൾ കൃത്യമായി പിരിച്ചെടുക്കുന്നതുൾപ്പെടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ വിവിധ മേഖലകളിലുള്ളവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനും തയ്യാറാകാത്തത് പ്രതിസന്ധി കൂടുതൽ മൂർച്ഛിക്കുന്നതിനു കാരണമാകുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly